# കുട്ടികൃഷ്ണമാരാര് : ധൈഷണികതയുടെ സ്വാതന്ത്ര്യം

**എം.രാമചന്ദ്രൻ പിള്ള അസിസ്റ്റന്റ് പ്രൊഫസർ**
കെ.കെ.ടി.എം.ഗവൺമെന്റ് കോളേജ്, പുല്ലൂറ്റ്

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനവർഷത്തിൽ ജനിച്ച കുട്ടികൃഷ്ണ മാരാര് ജീവിച്ച കാലം കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹിക, സാഹിത്യ രംഗങ്ങളിൽ സംഭവബഹുലമായിരുന്നു. (1900 ജൂൺ 14-ാം തീയതി ജനിച്ച മാരാര് 1973 ഏപ്രിൽ 6-ാം തീയതി മരണമടഞ്ഞു). കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യമാറ്റങ്ങൾക്ക് അസാമാന്യമായ ഗതിവേഗം കൈവരുകയും കണ്ടാലറിയാത്ത വിധം അവ മാറിപ്പോവുകയും ചെയ്തു ഈ കാലഘട്ടത്തിൽ. ഈ വേഗത സാഹിത്യത്തിലും പ്രകടമായിരുന്നു. ഈ മാറ്റങ്ങൾക്കൊപ്പം സഞ്ചരിക്കുമ്പോൾ മാരാര് പുലർത്തിയിരുന്ന വീക്ഷണം പല വിധത്തിൽ വിശകലനം ചെയ്യപ്പെട്ടിട്ടുണ്ട്. ആ വിശകലനങ്ങളുടെ പശ്ചാത്തലത്തിൽ മാരാരുടെ കാഴ്ചപ്പാടുകളിൽ പ്രകടമാകുന്ന പുരോഗമന ചിന്താഗതിയുടെ ധാരയെ വേർതിരിച്ചറിയാനുള്ള ശ്രമമാണിവിടെ.

ഇന്ത്യൻ ദേശീയതയിലും ബൗദ്ധികമണ്ഡലത്തിലും നവീനാശയങ്ങൾ തിരയടിക്കുന്ന കാലത്താണ് മാരാര് സ്വത്വം സ്ഥാപിക്കുന്നത്. ചരിത്രപരമായി ആ കാലഘട്ടത്തെ വീക്ഷിക്കുമ്പോൾ രണ്ടു ചിന്താധാരകൾ അന്നു പ്രബലമായിരുന്നു എന്നുകാണാം. ഭാരതീയ പൈതൃകത്തെ വിശിഷ്ടമായി കാണുന്നതായിരുന്നു ഒന്ന്. എന്നാൽ ആർഷഭാരത സംസ്കാരം മുഴുവൻ കൊള്ളേണ്ടതല്ല, അവയിൽ തള്ളേണ്ടതും ഉണ്ട് എന്ന് വിധിക്കുന്ന മറ്റൊരു പ്രവണതയും പ്രബലമായിരുന്നു. രണ്ടിന്റേയും അലയൊലികൾ കേരളക്കരയിലുമെത്തിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് മാരാരിലെ വിദ്യാർത്ഥിയും സാഹിത്യകാരനും വളർന്നു വരുന്നത്.

അദ്ദേഹം മഹാത്മജിയും വിനോബാഭാവേയും പോലുള്ള നേതാക്കളെ ആദരവോടെ കണ്ടു. ഇന്ത്യൻ സംസ്കാരത്തേയും ദേശീയതയേയും കുറിച്ചുള്ള വ്യക്തവും മൗലികവുമായ കാഴ്ചപ്പാട് മാരാരുടെ സഞ്ചാരങ്ങൾക്ക് കരുത്തായി. "ഇന്ത്യയുടെ ആദ്ധ്യാത്മിക പാരമ്പര്യത്തിലുള്ള അഭിമാനം, ആ പാരമ്പര്യത്തെ പൊതിഞ്ഞു വളർന്നവയിൽ മുക്കാൽ പങ്കും വെട്ടിയൊഴിക്കേണ്ട പാഴ്കളകളാണെന്ന തിരിച്ചറിവ്, ആകർമ്മത്തിനു നിയോഗിക്കപ്പെട്ടവനാണ താൻ എന്ന ദൃഢപ്രത്യയം, ആ കർമ്മാനുഷ്ഠാനത്തിലെ വിപത് സാദ്ധ്യത കണ്ടു പിൻതിരിയുകയില്ല എന്ന മനോബലം............ ഇതെല്ലാം ചേർന്നതാണ് മാരാര്[4].

സ്വതന്ത്രസഞ്ചാരങ്ങൾ:

മുന്നിൽ കണ്ടതിനെയെല്ലാം സ്വീകരിക്കേണ്ടത്, നിരാകരിക്കേണ്ടത് എന്ന് രണ്ടു കൊട്ടകളിലാക്കി തരംതിരിച്ചു മാറ്റുന്ന കാലമായിരുന്നു മാരാരുടെ കാലം. സാഹചര്യങ്ങളുടെ സമ്മർദ്ദം ഏതു പക്ഷത്തേക്കെങ്കിലും വേഗത്തിൽ ഓടിക്കയറാൻ എഴുത്തുകാരനെ പ്രേരിപ്പിച്ചു കൊണ്ടിരുന്നു. ആ ഓട്ടങ്ങൾക്കൊപ്പം ചേരാതെ ദൃഢവും സ്ഥിരവുമായ പ്രജ്ഞയോടെ മാരാര് മുന്നിൽ കണ്ടവയെ തിരിച്ചും മറിച്ചും തുരന്നും നോക്കിയിട്ടേ വിട്ടുള്ളൂ. അതിനാൽ മാരാരുടെ കാഴ്ച ഉള്ളറകളിലേക്ക് കടന്നു കയറി.

കുട്ടിക്കാലം മുതൽ പ്രകടമാക്കിയ സ്വതന്ത്ര ബുദ്ധിയാണ് മാരാരെ വ്യത്യസ്തനാക്കിയത്. ഏതു മഹാഗ്രന്ഥത്തിൽ നിന്നും ഏതു മഹാപുരുഷനിൽ നിന്നും കിട്ടിയ കാര്യങ്ങളെ സ്വന്തം യുക്തിബോധത്തിൽ ഉരച്ചുനോക്കിയേ മാരാര് സ്വീകരിച്ചുള്ളൂ. ഇക്കാര്യത്തിൽ മാരാര്ക്ക് മാതൃക അദ്ദേഹത്തിന്റെ ആരാധനാപാത്രമായ വിവേകാനന്ദനാണ് എന്നുപറയാം. സ്വയം അംഗീകരിക്കാൻ കഴിയാത്ത ഒന്നിനെയും ഏതു മഹാരഥനിൽനിന്നോ മഹത് ഗ്രന്ഥത്തിൽനിന്നോ കിട്ടിയാലും സ്വീകരിക്കരുത് എന്ന ബുദ്ധവചനത്തെ പില്ക്കാലത്ത് പ്രാവർത്തികമാക്കിയവരിൽ പ്രധാനി വിവേകാനന്ദനായിരുന്നു. മാരാര് ഈ മാർഗ്ഗത്തിൽ സഞ്ചരിച്ചു. പട്ടാമ്പി സംസ്കൃത കോളേജിൽ തന്റെ അദ്ധ്യാപകനായിരുന്ന പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മയുടെ അഭിപ്രായങ്ങളെ ഖണ്ഡിച്ചു കൊണ്ട് അവിടെ വിദ്യാർത്ഥിയായിരുന്നപ്പോൾതന്നെ എഴുതിയതും, തനിക്ക് ഗുരുവും സന്തതസഹചാരിയും അന്ന് സാഹിത്യ സാർവ്വഭൗമനുമായിരുന്ന വള്ളത്തോളിനെ വിമർശിച്ചതും ഈ സ്വതന്ത്രസഞ്ചാരശേഷി കൊണ്ടാണ്.

പ്രാമാണികരായ പല സാഹിത്യ സിദ്ധാന്തകാരന്മാരേയും മാരാര് തന്റെ സഞ്ചാരത്തിനിടയിൽ മറിച്ചിട്ടു. ഉടയാത്ത വിഗ്രഹങ്ങളായി

ഉറച്ചിരുന്നവർ ഉലയ്ക്കപ്പെടുകയോ ഉടയ്ക്കപ്പെടുകയോ ചെയ്തു. സംസ്കൃതഭാഷയിൽ എഴുതപ്പെട്ടു എന്ന ഒറ്റക്കാരണത്താൽ കൃതികൾക്കു മഹത്തരം എന്ന പട്ടം ചാർത്തിക്കൊടുക്കുന്നവരായിരുന്നു അന്ന് ഭൂരിപക്ഷം സംസ്കൃത പണ്ഡിതന്മാരും. സംസ്കൃതം പഠിച്ചിട്ടും മാരാര് ഈ പട്ടികയിൽ നിന്നു മാറിനിന്നു. "സംസ്കൃതത്തിൽ വമർശനമില്ല എന്ന് മാരാര് പറഞ്ഞത് വിമർശനം എന്തെന്ന് അദ്ദേഹത്തിന് അറിയാവുന്നതുകൊണ്ടാണ്. അന്നത്തെ അധ്യാപകർപോലും പത്തൊമ്പതാം നൂറ്റാണ്ടിലായിരുന്നപ്പോൾ മാരാര് ഇരുപതാം നൂറ്റാണ്ടിലായിരുന്നു." (എം.എൻ. വിജയൻ–മാരാര് വിമർശം). സംസ്കൃതസാഹിത്യവിമർശനത്തിന്റെ അധഃപതനമാണ് സാഹിത്യഭൂഷണമെഴുതാൻ മാരാരെ പ്രേരിപ്പിച്ചത്. തന്റെ അഭിപ്രായങ്ങൾ വിട്ടുവീഴ്ചയില്ലാത്ത ഭാഷകൊണ്ട് അദ്ദേഹം കുറിച്ചിട്ടു. മാരാരുടെ നിശിതമായ ഭാഷ മയപ്പെടുത്തണമെന്ന് സാഹിത്യഭൂഷണത്തിന്റെ അവതാരികയിൽ ഉള്ളൂർ എഴുതി.[2]

വ്യക്തി സമൂഹത്തിൽ ഒറ്റപ്പെട്ടുയരുന്ന കാലഘട്ടമാണ് മാരാര് കാലം. മറ്റൊന്നിനോടും ചാർച്ചയും ബാധ്യതയുമില്ലാതെ സ്വന്തം ആത്മാവുകൊണ്ടു നടത്തുന്ന യാത്രയായി വിമർശനം മാറാൻ തുടങ്ങുന്ന കാലത്തെ മാരാരുടെ വിമർശനം അടയാളപ്പെടുത്തുന്നു. കേസരിയിലും പോളിലും മുണ്ടശ്ശേരിയിലും വ്യക്തി ഇത്രയും വളർന്നിരുന്നില്ല. മാരാര് സ്വതന്ത്രനായി സഞ്ചരിച്ചു.

### സാഹിത്യവിമർശത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട്

സാഹിത്യവിമർശത്തെക്കുറിച്ചും കവി ആസ്വാദകൻ എന്നിവർക്കിടയിൽ വിമർശകന്റെ സ്ഥാനത്തെക്കുറിച്ചും മാരാര്ക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. വിമർശകൻ വിധികർത്താവാകാൻ മുതിരരുതെന്ന് മാരാര് പറഞ്ഞു. അതിന് പുറപ്പെട്ടവർക്കു വന്ന പരാജയങ്ങൾ എടുത്തു കാട്ടി. 'ചങ്ങമ്പുഴക്കവിത എന്നൊന്ന് ഉണ്ടായ കാലം മുതൽ' അതിനെതിരെ സഞ്ജയൻ നടത്തിയ നിശിത വിമർശങ്ങൾ ആ കവിതയുടെ പ്രചാരത്തിനുമുന്നിൽ തോറ്റുമടങ്ങിയ കാഴ്ച മാരാര് എടുത്തുകാട്ടി.

സാഹിത്യവിമർശത്തിൽ കവി/കവിത ഒരു നിമിത്തം മാത്രമേ ആകുന്നുള്ളൂ എന്ന് മാരാര് പറഞ്ഞു. കവി അനുകൂലമായോ പ്രതികൂലമായോ ഉയർത്തിവിട്ട കാര്യങ്ങളിന്മേൽ സഹൃദയന്റെ അഭിപ്രായാഭിരുചികളുടെ ആവിഷ്കരണമാണ് നിരൂപണം. ഇത്തരം നിരൂപണങ്ങൾക്ക് മലയാളത്തിൽ ഏറ്റവും മികച്ച ഉദാഹരണം മാരാരുടേതു തന്നെയാണ്. 'ഭാരതപര്യടന'ത്തിൽ ഭാരതകഥ മാരാര്ക്ക് സ്വന്തം ജീവിതദർശനങ്ങളെയും

മൂല്യസങ്കല്പങ്ങളെയും അവതരിപ്പിക്കാനുള്ള ഒരു വേദി മാത്രമാണ്. വ്യാസന്റെയും വാല്മീകിയുടെയും കാളിദാസന്റെയും മുന്നിലെത്തുമ്പോഴും ഇവിടെ വിമർശകൻ ചെറുതാകുന്നില്ല. എവിടെയും തന്റെ വിമർശനബുദ്ധി അല്പംപോലും തീഷ്ണതവിടാതെ സൂക്ഷിക്കാൻ മാരാര്ക്കു കഴിഞ്ഞു. സ്വന്തം മൂല്യസങ്കല്പങ്ങളെ, ദർശനങ്ങളെ, മാരാര് ഏതു വലിയ കവിക്കു മുന്നിലും അടിയറവെച്ചില്ല. മാരാരുടെ വിമർശങ്ങൾ സ്വതന്ത്രമായ കലാസൃഷ്ടികളായി അസ്തിത്വം സ്ഥാപിക്കുന്നതും അതുകൊണ്ടാണ് "ഒരു ലേഖനമെഴുതണമെങ്കിൽ എത്ര തീവ്രമായ ഒരന്തഃപ്രചോദനമുണ്ടായാലേ എനിക്കു കഴിയൂ" എന്നും "ഇന്നകാര്യം എഴുതിവെച്ചേതീരൂ എന്ന് ഒരടികൊണ്ടാലല്ലാതെ, എനിക്കനങ്ങാൻ മേലാ; ആ അടി കിട്ടിയാലോ ഏതു നരകത്തിൽക്കിടന്നും ഞാനത് എഴുതിയെത്തിക്കുകയും ചെയ്യും"[3] എന്നും മാരാര് എഴുതുന്നത് അതുകൊണ്ടാണ്.

### പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ മറുപക്ഷത്ത്, പക്ഷേ പുരോഗമനത്തിന്റെ പക്ഷത്ത്

കേരളത്തിൽ ഇടതുപക്ഷരാഷ്ട്രീയപ്രസ്ഥാനങ്ങളുടെ പിന്തുണയോടെ വളർന്നുവന്ന പുരോഗമനസാഹിത്യപ്രസ്ഥാനത്തെ നിരന്തരം എതിർത്തുവന്നു എന്നതിന്റെ പേരിൽ യാഥാസ്ഥിതികനായി മുദ്രകുത്തപ്പെട്ടയാളാണ് കുട്ടികൃഷ്ണമാരാര്. പുരോഗമനസാഹിത്യപ്രസ്ഥാനത്തെ എതിർത്തുവെങ്കിലും പുരോഗമനചിന്താഗതിയെ മാരാര് സ്വീകരിക്കുകയാണ് ചെയ്തത് എന്നതിന് അദ്ദേഹത്തിന്റെ സാഹിത്യ-സാഹിത്യേതര നിലപാടുകൾ സാക്ഷ്യങ്ങളാണ്. "വൃത്തികേടുകളേയും കഷ്ടപ്പാടുകളെയും കാണാതെ കഴിപ്പാൻവേണ്ടി സാഹിത്യത്തിലേക്ക് കയറിവരുന്ന വായനക്കാരനോട് സാഹിത്യകാരനു പറയാനുള്ളത് നിങ്ങൾക്ക് വീടുമാറിപ്പോയി എന്നാണ്. എന്റെ നിർമ്മാണോപകരണം മനുഷ്യ ജീവിതമാണ്. അതാകട്ടെ വൃത്തികേടുകളും കഷ്ടപ്പാടുകളും നിറഞ്ഞതാണ്. ജീവിതത്തിൽ ആ വകയൊന്നും ശ്രദ്ധിക്കാതെ കണ്ടപാട്ടിന് നടന്നുകളയുന്ന നിങ്ങൾക്ക് അതൊക്കെ കാണിച്ചുതരിക എന്നത് എന്റെ ധർമ്മങ്ങളിലൊന്നാണ്. നിങ്ങളുടെ മനസ്സിനെ മയക്കിക്കിടത്താനല്ല ഉയിർത്തെഴുന്നേല്പിക്കാനാണ് ഞാനിവിടെ ഇരിക്കുന്നത്."[4] എന്നെഴുതിയ മാരാര്ക്ക് കലയുടെ ജീവിത ബന്ധത്തെക്കുറിച്ച്, സാഹിത്യംകൊണ്ട് സാധ്യമാകുന്ന വിപ്ലവങ്ങളെക്കുറിച്ച്, ബോധ്യമില്ലായിരുന്നു എന്നുവരില്ലല്ലോ. യഥാർത്ഥത്തിൽ സാഹിത്യം പുരോഗമനപരമാകുന്നതിലല്ലാ അതിന് അവലംബിക്കേണ്ട മാർഗ്ഗങ്ങളെപ്പറ്റിയായിരുന്നു മാരാര്ക്ക്

വിയോജിപ്പുണ്ടായിരുന്നത്. പുരോഗമന പക്ഷക്കാരും യാഥാസ്ഥിതികരും അദ്ദേഹത്തെ ഒരുപോലെ പുറന്തള്ളി. ഇരുവരുടെയും പുരയിൽ കൊള്ളാനാകാത്ത വലിപ്പത്തിൽ മാരാര് വളർന്നു എന്നതാണ് സത്യം.

പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ മറുപക്ഷത്തു നിന്നുകൊണ്ട് മാരാര് എന്തുകൊണ്ട് താൻ ആ പ്രസ്ഥാനത്തെ എതിർക്കുന്നു എന്ന് വിശദീകരിച്ചപ്പോഴെല്ലാം സാഹിത്യത്തെക്കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന വിശാലമായ കാഴ്ചപ്പാടിനെ ആ വിശദീകരണങ്ങൾ വെളിപ്പെടുത്തി. കവിയുടെ/കവിതയുടെ ധർമ്മമെന്തെന്ന് അദ്ദേഹം എഴുതുന്നു: "പ്രത്യക്ഷങ്ങളോ പ്രത്യക്ഷപ്രായങ്ങളോ ആയ യാഥാർത്ഥ്യങ്ങളെ – കർഷക കുടുംബങ്ങൾ പട്ടിണികിടക്കുന്നത്, കമ്പനിതൊഴിലാളികൾ പണിമുടക്കുസമരം നടത്തുന്നത്, സ്ത്രീപുരുഷന്മാർക്കു ചാരിത്രദോഷം പറ്റുന്നത്, ചിലർക്ക് അഗമ്യഗമന കാംക്ഷയുണ്ടാകുന്നത്, അത്, ഇത്– ചിത്രീകരിച്ചാൽ സാഹിത്യമായി എന്നാണ് അവരുടെ ധാരണ. ഇതിലുള്ള അബദ്ധം അവർക്ക് മനസ്സിലായിത്തുടങ്ങിയിട്ടില്ല. നാം ജീവിതത്തിൽ തിരിയുമ്പോഴും മറിയുമ്പോഴും കണ്ടെത്തുന്ന ഇതൊക്കെ പകർത്തെഴുതുന്നതുകൊണ്ടു ചെയ്യാവുന്ന ലോകസേവനം പത്രറിപ്പോർട്ടറുടേതാണ്. കവിയുടേതല്ല. ആ യാഥാർത്ഥ്യങ്ങളുടെ പിന്നിൽ സൂക്ഷ്മ-സൂക്ഷ്മതരങ്ങളായ വേറെയും അനേകം യാഥാർത്ഥ്യങ്ങൾ, പലപ്പോഴും സ്ഥൂലത്തിനെതിരായ യാഥാർത്ഥ്യങ്ങൾ, ഒളിഞ്ഞിരിപ്പുണ്ട്. അവയെ പുറത്തെടുത്ത് അനുഭവപ്പെടുത്തിക്കൊടുക്കുകയാണ് വിചാരശീലന്മാരും ക്രാന്തദർശികളുമായ കവികളുടെ ധർമ്മം."[5]

പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ വീക്ഷണപരിമിതി എന്തെന്ന് മാരാര് ചൂണ്ടിക്കാട്ടുന്നത് നോക്കുക: "ഇന്നു കേരളത്തിലുള്ള പുരോഗമനോത്സുകരായ സാഹിത്യകാരന്മാരിൽ പലരും കവിയ്ക്കു പ്രത്യക്ഷ യാഥാർത്ഥ്യബോധത്തിൽ കവിഞ്ഞ വല്ലതും വേണമെങ്കിൽ അതു പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ച കാറൽ മാർക്സിന്റെ വൈരുദ്ധ്യസിദ്ധാന്തത്തിൽ വ്യുൽപത്തി മാത്രമാണെന്നു വിചാരിക്കുന്നു. അങ്ങനെ ഒരേ ഒരാളുടെ വ്യാഖ്യാനംകൊണ്ട് അർത്ഥം മുഴുവൻ വ്യക്തമാവുന്ന ഒരു സരളഗ്രന്ഥമല്ല, ദൗർഭാഗ്യവശാൽ, അത്യന്തം സങ്കീർണമായ ഈ പ്രപഞ്ചജീവിതം."[6] സാഹിത്യത്തിന്റെയും സാഹിത്യകാരന്റെയും അന്തസ്സും സ്വാതന്ത്ര്യബോധവും മറ്റൊന്നിനും അടിമപ്പെടുത്തുന്നതിനോട് മാരാര് യോജിച്ചില്ല. "സാഹിത്യകാരൻ സ്വന്തം ചിന്താഗതിയെ– അതെന്തുതന്നെയായാലും– വെളിപ്പെടുത്തുവാനാണ് തൂലികയെടുക്കുന്നത്, അന്യരുടെ വാക്കുകൾ കേട്ടെഴുതി കയ്യക്ഷരം നന്നാക്കുവാനല്ല. ഒരു സാഹിത്യകാരനും,

മറ്റു ചിലരുടെ വിജ്ഞാപനങ്ങളൊട്ടിയ്ക്കുവാനുള്ള പരസ്യപ്പലകയായി നില്ക്കരുതെന്നാണ് എന്റെ ശാഠ്യം."[7] എന്ന് അദ്ദേഹമെഴുതി.

സ്ത്രീകളുടെ അന്തസ്സും മാന്യതയും വിലമതിച്ചുകൊണ്ടായിരുന്നു മാരാരുടെ ജീവിതവും എഴുത്തും. വി.ടി. ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ നടന്ന വിപ്ലവകരമായ വിധവാവിവാഹത്തിൽ ശ്രീ. ഇ.എം.എസ്. മുതലായവരോടൊപ്പം പങ്കെടുത്ത ഒരാളാണ് കുട്ടികൃഷ്ണമാരാര്. സ്വത്വാഭിമാനത്തോടെയാണ് താൻ അതിൽ പങ്കെടുത്തതെന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. 'ആശാന്റെ സീതയെപ്പറ്റി' എന്ന പ്രബന്ധം മാരാരുടെ സ്ത്രീപക്ഷ നിലപാടുകൾക്ക് ഉദാഹരണമാണ്. 'അപകല്മഷ ശിക്ഷയേറ്റുഞാൻ' എന്ന സീതയുടെ വാക്ക് അപമാനിക്കപ്പെട്ട നിരാലംബയായ സ്ത്രീയുടെ നിലവിളിയായി കേട്ട മലയാളത്തിലെ ആദ്യത്തെ വിമർശരേഖയാണ് ആ പ്രബന്ധം. വിവാഹം എന്ന സാമൂഹ്യസ്ഥാപനത്തേയും അതിന്മേൽ ചാരി നില്ക്കുന്ന ആൺകോയ്മയുടെ മിഥ്യാബോധങ്ങളേയും ലീലാകാവ്യം തകർത്തുവിടുന്നു എന്ന കാഴ്ചപ്പാടാണ് 'ആശാന്റെ ലീല' എന്ന പ്രബന്ധത്തിൽ മാരാര് അവതരിപ്പിക്കുന്നത്. ധർമ്മബോധമാണ് ബലമെന്നും ആ ബോധമുള്ള സ്ത്രീയെ അബലയെന്ന് വിളിക്കുന്നത് അവളെ അപമാനിക്കലാണെന്നും പറയുന്ന മാരാര് പുരോഗമനവാദിയല്ലെങ്കിൽ പിന്നെയാരാണ്.

ഭാഷയുടെ കാര്യത്തിൽ മാരാര് എടുത്തിരുന്ന നിലപാടുകൾ അദ്ദേഹത്തിന്റെ പുരോഗമനവീക്ഷണത്തിന് തെളിവാണ്. 'മലയാളശൈലി' എന്ന ഗ്രന്ഥത്തിലൂടെ മൂർച്ചയും തെളിമയുമുള്ള ഭാഷാപ്രയോഗമെന്തെന്ന് മാരാര് കാട്ടിത്തന്നു. വ്യാകരണനിയമങ്ങൾകൊണ്ട് ഭാഷയെ ചുറ്റിവരിയരുതെന്നും, ഭാഷ സ്വതന്ത്രമായി വികസിക്കുന്ന ഒന്നാണെന്നും എഴുതി. വാക്കിനും വസ്തുവിനും തമ്മിൽ പ്രകൃത്യാ ബന്ധമില്ലെന്നും വാക്ക് വസ്തുവിനെയല്ല വസ്തുവിനെക്കുറിച്ചുള്ള ഒരു സങ്കല്പത്തെയാണ് കുറിക്കുന്നതെന്നും, ആ ബന്ധംതന്നെ ആരോപിതമാണെന്നും മറ്റും പറഞ്ഞു കൊണ്ടുള്ള ഫെർഡിനാന്റ് ഡി സൊസ്യൂറിന്റെ പ്രഖ്യാതമായ ഭാഷാശാസ്ത്ര വിചിന്തനങ്ങൾ പുറത്തുവരികയും നമ്മുടെ നാട്ടിൽ പ്രചരിക്കുകയും ചെയ്യുന്നതിന് എത്രയോകൊല്ലങ്ങൾക്കുമുമ്പ് മാരാര് ഇതേ ആശയം സാഹിത്യ ഭൂഷണത്തിൽ എഴുതിവെച്ചു. ("പദത്തിന് അർത്ഥത്തോടോ അർത്ഥത്തിന് പദത്തോടോ ഉണ്ടെന്നുപറയുന്ന ആ സംബന്ധം സ്വതഃസിദ്ധമല്ല. കൃത്രിമമാണ്... പദാർത്ഥങ്ങൾക്കു തമ്മിലുള്ള സംബന്ധം, ആനയ്ക്കും പാപ്പാനും ഉള്ളതുപോലെ വേണമെങ്കിൽ ഉണ്ടെന്നു പറയാവുന്നതും വേണ്ടെന്നു വച്ചാൽ ഇല്ലാതാവുന്നതുമായ ഒന്നാണെന്ന് സിദ്ധിക്കുന്നു."[8])

സാഹിത്യത്തിലെ പുതിയ ചലനങ്ങളെ മാരാര് മനസ്സിലാക്കുകയും ഗുണപരമായതെന്നു തനിക്കു തോന്നിയവയെ അംഗീകരിക്കുകയും ചെയ്തിരുന്നു. കവിതയിൽ 'കുമാരനാശാൻ മുതൽ പേരിൽ നിന്നുണ്ടായ വ്യക്തമായ പുരോഗതി'യെ മാരാര് അംഗീകരിച്ചിരുന്നു. മലയാളകവികളിൽ മഹാനായി അങ്ങേയ്ക്ക് തോന്നിയിട്ടുള്ളതാരാണ് എന്ന ചോദ്യത്തിന്, "യഥാർത്ഥത്തിൽ മഹാനായ കവി കുമാരനാശാനാണ്. വള്ളത്തോളിന് അദ്ദേഹത്തെ ഭയമുണ്ടായിരുന്നുവെന്നും തോന്നുന്നു"[9] എന്ന് മാരാര് വ്യക്തമായി മറുപടി പറയുന്നു. വള്ളത്തോളിന്റെ സഹചാരിയായിരുന്ന മാരാര് ഇതു പറഞ്ഞുവെന്ന് വിശ്വസിക്കാൻ പ്രയാസമായേക്കാം. "കവിത എന്നുവെച്ചാൽ, ആളുകളെ ശ്രുതിമധുരമായ കുറെ ശബ്ദങ്ങൾ കേൾപ്പിച്ചു മയക്കലല്ലെന്നും, തത്ത്വജ്ഞാനരൂപമായ ഒരടിസ്ഥാനത്തിൽ ഊന്നിനിന്നുകൊണ്ട് അവർക്കു ജീവിത യാഥാർത്ഥ്യം കാണിച്ചുകൊടുത്ത് ഒരാദർശത്തെ ലക്ഷ്യമാക്കി ജീവിക്കാൻ പഠിപ്പിച്ചു കൊടുക്കലാണെന്നും ആശാൻ ഉദാഹരിച്ചു."[10] എന്ന് മാരാര് ആശാൻ കവിതയെ കൃത്യമായി വിലയിരുത്തുന്നു. ആശാനുശേഷം കവിതയെ അതിന്റെ പുരോഗതിയിൽ സഹായിക്കാൻ ഒരുങ്ങിവന്ന ബലിഷ്ഠഹസ്തങ്ങളിൽ മുഖ്യമായ ഒന്നായി വൈലൊപ്പിള്ളിയെ മാരാര് കവിയുടെ 'കന്നിക്കൊയ്ത്തിൽ' തന്നെ തിരിച്ചറിഞ്ഞു. ആശാൻകവിതയ്ക്കും വൈലോപ്പിള്ളിക്കവിതയ്ക്കും പിൽക്കാലത്തുകിട്ടിയ മൂല്യവളർച്ച മാരാര് നേരത്തെ കണ്ടറിഞ്ഞു.

മാരാരുടെ ഇതിഹാസപഠനങ്ങൾ ഒരു പുതിയ വായനാസംസ്കാരം തന്നെ സൃഷ്ടിച്ചു. ഇതിഹാസകവികളോ അവരുടെ പിമ്പുറക്കാരോ ഉണ്ടാക്കിവച്ച മഹത്വം എന്ന സങ്കല്പത്തെ മാരാര് ഉടച്ചുവാർക്കുന്നു. രാമനെയും വിഭീഷണനേയും യുധിഷ്ഠിരനെയും കർണനേയും, കൃഷ്ണനേയും ദുര്യോധനനേയും സ്വന്തം സംസ്കാരവും യുക്തിബോധവും കൊണ്ട് മാരാര് അളന്നു. വലിയവരുടെ ചെറുപ്പവും ചെറിയവരുടെ വലിപ്പവും വിളിച്ചുപറഞ്ഞു. നമ്മുടെ ചിന്താമണ്ഡലത്തിൽ അന്നുവരെ സംഭവിക്കാത്ത വിപ്ലവങ്ങളായിരുന്നു അവ. "ഒരു കൃതിയിൽ ധീരനായ മനുഷ്യൻ ജീവിക്കുന്നതാണ് മഹത്തായ നിരൂപണം എന്നു മാരാര് വിശ്വസിച്ചു. (criticism is an adverture among masterpieces എന്ന ന്യൂമാന്റെ ആശയം)" (എം. എൻ. വിജയൻ, മാരാര് വിമർശം).

ചില നിലപാടുകളുടെപേരിൽ നമ്പ്യാർകവിതയെ വിമർശിച്ച മാരാര് തുഞ്ചൻകവിതയെ വിലയിരുത്തുന്നതിൽ ചിന്താപരമായ ധീരത കാണാം. "കേരളീയരായ ഹൈന്ദവരുടെമുന്നിൽ ആസ്തികത്വത്തിലേക്കുള്ള എളുപ്പവഴി (ഭക്തിയോഗം) തുറന്നു വച്ച ആധ്യാത്മിക ഗുരുവും

അനുഗൃഹീതമായ വാഗ്വൈഭവമുള്ളയാളും സുഭഗമായ ഭാഷാ ശൈലിയുള്ള ആളുമാണ് എഴുത്തച്ഛൻ. എന്നാൽ അദ്ദേഹത്തിന്റെ കൃതികൾ സാഹിത്യത്തിന്റെ അത്യുത്തമ മാതൃകയല്ല.''[11] എന്ന് കണ്ടെത്തുന്ന മാരാര് എഴുത്തച്ഛന്റേത് മഹത്തായ വിവർത്തനശ്രമംപോലുമല്ലെന്നും അദ്ദേഹം സ്വീകരിച്ച മൂലകൃതി, ''ജലപ്പിശാചുകാരനായ ഏതോ സനാതനി ബ്രാഹ്മണൻ വാല്മീകീയമായ ആർഷകാവ്യത്തെ എതിർക്കാൻവേണ്ടി കെട്ടിച്ചമച്ച ഒരദ്ധ്യാത്മികപ്പേക്കോലമാണ്''[12] എന്നും എഴുതുന്നു. മണിപ്രവാളസാഹിത്യത്തിന്റെ ഉപരിപ്ലവതയെക്കുറിച്ച് മാരാര് എഴുതുന്നതു നോക്കുക: ''തീർച്ചയായും അവരുടെ മണിപ്രവാളഭാഷയ്ക്ക് ഒരു പട്ടുമെത്തയുടെ പതുപതുപ്പും അവരുടെ അർത്ഥ കല്പനകൾക്ക് ഒരു വിദൂഷകച്ചിരിയുടെ മിനുമിനുപ്പും ഉണ്ടായിരുന്നു. എന്നാൽ മനുഷ്യൻ ജീവിക്കുന്ന ജീവിതയാഥാർത്ഥ്യങ്ങളിലേയ്ക്കിങ്ങോട്ടോ അവന്റെ അന്തഃകരണത്തിലെ അഗാധതകളിലേയ്ക്കങ്ങോട്ടോ അവർ ഒരിയ്ക്കലും നോക്കിയിരുന്നില്ല അവരുടെ മിത്ഥ്യാഡംബര പ്രായമായ സംസ്കൃതത്തിന് അത്രയ്ക്ക കഴിവില്ലായിരുന്നു. മലയാളമോ, അതിന്റെ വീട്ടുവേലക്കാരിയും''[13]

സാമൂഹ്യ വിഷയങ്ങളിൽ:

നമ്മുടെ സമൂഹം എന്നും ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതും പരിഹാരങ്ങൾ ഒരുകാലത്തും കണ്ടുകിട്ടാത്തതുമായ സാമൂഹ്യപ്രശ്നങ്ങൾ നിരവധിയാണ്. അത്തരം ചില വിഷയങ്ങളിൽ മാരാര് ഉന്നയിച്ച അഭിപ്രായങ്ങൾ പരിശോധിച്ചാൽ എത്ര പുരോഗമനാത്മകമായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാടെന്ന് മനസ്സിലാകും. സംസ്കൃതഭാഷാഭ്യസനത്തെ സംബന്ധിച്ച് എഴുതിയ 'പത്രാധിപർക്കൊരുകത്ത്' എന്ന ലേഖനത്തിൽ അദ്ദേഹം എഴുതുന്നു: ''രാഷ്ട്രീയഗതിയെ മുൻനിർത്തി ഹിന്ദുക്കൾ സംസ്കൃതം പഠിക്കണമെന്ന വാദം ക്ഷുദ്രമാണ്. എന്നുവേണ്ട, ഇന്ത്യക്കാരായ മറ്റു വർഗ്ഗക്കാരിൽനിന്നു ഹിന്ദുക്കളെ വേർതിരിക്കുന്നതായ യാതൊരു സവിശേഷ വ്യവസ്ഥയും നമുക്കുപാടില്ല. ഇന്നത്തെ രാഷ്ട്രീയഗതിയെ വെച്ചുനോക്കുമ്പോൾ വിശേഷിച്ചും, ഇയ്യിടത്തെ നമ്മുടെ ക്ഷേത്രപ്രവേശന നിയമം എല്ലാ ഹിന്ദുക്കൾക്കും എന്നതിനു പകരം എല്ലാ മനുഷ്യർക്കും എന്നാകേണ്ടിയിരുന്നു എന്നാണ് എന്റെ പക്ഷം.''[14] ''ശരിയാണ് പണ്ടൊരു കാലത്ത് മുസ്ലീങ്ങൾ ഹൈന്ദവക്ഷേത്രങ്ങളെ തച്ചുതകർത്തിട്ടുണ്ടാവാം. ഇന്നും, പക്ഷേ വല്ലവരും അതിനാഗ്രഹിക്കുന്നുമുണ്ടാവാം. എന്നാൽ അതിനുള്ള പരിഹാരം അക്കൂട്ടരെ പുറമേ തടഞ്ഞു നിർത്തുകയല്ല. അവരെയെല്ലാം, വേണമെങ്കിൽ സ്വന്തം ക്ഷേത്രങ്ങളിൽ പ്രവേശിക്കാൻ അനുവദിക്കാത്തേടത്തോളം കാലം 'അക്രോധേന ജയേൽ

ക്രോധം' എന്നു തുടങ്ങിയ മഹാപ്രമാണങ്ങളടങ്ങിയ സംസ്കൃതഭാഷ പഠിപ്പാൻ ഹിന്ദുക്കൾ എങ്ങിനെ അർഹരാകും."[15]

മാരാരുടെ ലക്ഷ്യവേധിയായ ഭാഷ മലയാളിയുടെ സാമുദായിക ജീർണതയേയും അന്ധവിശ്വാസത്തേയും കടന്നാക്രമിക്കുന്നതു നോക്കുക: "ഇങ്ങനെ, ഇനിയുമുണ്ട്, മറ്റേതുനാട്ടുകാർക്കുമെന്നപോലെ, ഞങ്ങൾക്കും ഒരു പാട്ടു മേനിപറയാൻ. എന്നാൽ ഇതൊക്കെയുണ്ടായിട്ടും, സാമുദായികമായ ജീർണിപ്പിന്റെ കാര്യത്തിൽ ഞങ്ങൾ ഇന്ത്യയിലെ മറ്റേതു നാട്ടുകാരെപ്പോലെയുമാണ്. ഒരു വേള മറ്റെല്ലാരെക്കാളും മോശക്കാരാണ്.... അയിത്തം ഇവിടെ അതിന്റെ അതിക്രൂരമായ രൂപത്തിൽ വിളയാടിയിരുന്നു ഇന്നലെവരെ. ക്ഷേത്രപ്രവേശനം അനുവദിക്കപ്പെട്ടിട്ടുള്ള ഇന്നും അത് ഇവിടെ അപഹർഷഹേതുവായിത്തന്നെ ഗണിയ്ക്കപ്പെടുന്നു. വയലുഴുതുന്ന കൃഷീവലൻ മറ്റുള്ളവരുടെ ദൃഷ്ടിയിൽ നിലത്തിഴയുന്ന ഞാഞ്ഞൂലാണ്. അവൻ നൂറുശതമാനവും അടിമയാണ്. ഗ്രാമത്തിലും നഗരത്തിലും കൈവേലയായോ യാന്ത്രികമായോ നടക്കുന്ന ഏതു വ്യവസായശാലയിലെ തൊഴിലാളികളും, ആവശ്യം കഴിഞ്ഞാൽ അടിച്ചുവാരിക്കളയേണ്ട ചപ്പുചവറുകളാണ്. ജാതിപരവും മതപരവുമായ വഴക്കും വക്കാണവുമില്ലാതെ ഏക സാഹോദര്യത്തോടെ ജീവിക്കുന്നതിനെപ്പറ്റി സങ്കല്പിക്കാൻ തക്കവണ്ണം ഞങ്ങളുടെ ഭാവനാശക്തി ഇനിയും വളർന്നു കഴിഞ്ഞിട്ടില്ല. ഈശ്വരന്റെ പേരിൽ ഏതു കല്ലിനേയും മരത്തേയും വച്ചാരാധിക്കുകയും, എന്നാൽ ഈശ്വരസത്തയ്ക്കുള്ള ഏറ്റവും വലിയ തെളിവായ മനുഷ്യനെ അവഹേളിയ്ക്കുകയും ചെയ്യുന്നതിൽ ഞങ്ങൾ മറ്റാരെക്കാളും പിന്നിലല്ല".[16]

ചുരുക്കത്തിൽ സ്വതന്ത്രവും വ്യക്തവും നിർഭയവുമായ നിലപാടുകൾ കൊണ്ടാണ് മാരാര് സ്വയം നിലനിർത്തിയത്. നമ്മുടെ യാഥാസ്ഥിതികർക്കും പുരോഗമനവാദികൾക്കും സ്വന്തം നിലപാടുകൾ പുനർവായിക്കാൻ അദ്ദേഹം പ്രേരണയായി. 'കുട്ടികൃഷ്ണമാരാര്' എന്ന തലക്കെട്ടിന് എൻ.കൃഷ്ണപിള്ള നൽകുന്ന ഒരു വിശദീകരണം 'തന്റേടമുറ്റചിന്ത' എന്നാണ് (കൈരളിയുടെ കഥ). കേരളീയരുടെ ചിന്താമണ്ഡലത്തിൽ ഇത്ര നിർഭയമായും സ്വതന്ത്രമായും സഞ്ചരിച്ചവർ ചുരുക്കമാണ്.

"സാഹചര്യത്തിന് കീഴടങ്ങാൻ വിസമ്മതിക്കുന്ന ഒരു ചൈതന്യവും മുമ്പു പ്രസ്താവിച്ചതുപോലെ മനുഷ്യാത്മാവിലുണ്ട്. ചുരുക്കം ചിലരിൽ അത് എപ്പോഴും ജ്വലിച്ചുനില്ക്കുന്നു. അവർ പൊതുപ്രവണതകൾക്കു വഴങ്ങുന്നില്ല. സ്വന്തം മൂല്യബോധത്തിനിണങ്ങാത്ത ചുറ്റുപാടുകളെ അവർ ചെറുക്കുന്നു. വിധിയോടുപോലും അവർ പോരാടുന്നു. അതിലാണ് പൗരുഷം

എന്ന് അവർ വിശ്വസിക്കുന്നു. അവർ തങ്ങളുടെ ചിന്ത ഉപകരണമാക്കി, ഏതു വരണ്ടഭൂമിയും ഉഴുതുമറിച്ച് ആദർശത്തിന്റെ വിത്തുവിതയ്ക്കാനും, സ്വന്തം വിയർപ്പിന്റെയും കണ്ണുനീരിന്റെയും ഈർപ്പം നല്കി പച്ചപ്പ് സൃഷ്ടിയ്ക്കാനും ശ്രമിക്കുന്നു. ആധുനിക കേരളത്തിൽ അപ്രകാരം പരിശ്രമിച്ചവരുടെ കൂട്ടത്തിൽ കുട്ടികൃഷ്ണമാരാര്ക്കു സമുന്നതമായ സ്ഥാനമാണുള്ളത്''[17] എന്ന് എം.കെ.സാനു എഴുതുന്നത് അക്ഷരാർത്ഥത്തിൽ ശരിയാണ്.

കുറിപ്പുകൾ

1. എം.തോമസ്മാത്യു, മാരാര് ലാവണ്യാനുഭവത്തിന്റെ യുക്തിശില്പം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2006, പുറം 16.
2. "ഇനി എനിക്ക് ഒരു സംഗതി പറയാനുള്ളത് പൂർവ്വാചാര്യന്മാരെപ്പറ്റി പ്രസ്താവിക്കുമ്പോൾ സ്വല്പംകൂടി വിനീതി വേണമെന്നുള്ളതാണ്." ഉള്ളൂർ, അവതാരിക, സാഹിത്യഭൂഷണം.
3. കുട്ടികൃഷ്ണമാരാര്, ആത്മകഥയിലെ ഒരധ്യായം, പതിനഞ്ചുപന്യാസം, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്, 1991, പുറം 48.
4. കുട്ടികൃഷ്ണമാരാര്, സാഹിത്യസല്ലാപം, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്, പുറം 113.
5. കുട്ടികൃഷ്ണമാരാര്, മലയാളസാഹിത്യത്തിലെ നവോത്ഥാനം, പലതും പലതും, മാരാർ സാഹിത്യപ്രകാശം കോഴിക്കോട്, 1989, പുറം 55.
6. ടി. പുസ്തകം, പുറം 56
7. കുട്ടികൃഷ്ണമാരാര്, കൗമാരകൗതുഹലം, ടി. പുസ്തകം, പുറം 59
8. കുട്ടികൃഷ്ണമാരാര്, സാഹിത്യഭൂഷണം, പുറം 113.
9. ജോർജ്ജ് ഇരുമ്പയവുമായുള്ള അഭിമുഖം, സാഹിത്യലോകം, 1970 സെപ്തംബർ
10. കുട്ടികൃഷ്ണമാരാര്, മലയാളസാഹിത്യത്തിലെ നവോത്ഥാനം, പലതും പലതും, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്, 1989, പുറം 52,53
11. ഷൂബ കെ.എസ്., ആഗോളീകരണകാലത്തെ കുട്ടികൃഷ്ണമാരാര്, എം.എൻ. വിജയൻ സാംസ്കാരികവേദി, 2011, പുറം 150.
12. ടി. പുസ്തകം പുറം 150.
13. കുട്ടികൃഷ്ണമാരാര്, മലയാളസാഹിത്യത്തിലെ നവോത്ഥനം, പലതുംപലതും, മാരാർ സാഹിത്യപ്രകാശം, 1989, പുറം 48.
14. കുട്ടികൃഷ്ണമാരാര്, പത്രാധിപർക്കൊരു കത്ത്, ടി പുസ്തകം. പുറം 17.

15. ടി. പുസ്തകം പുറം, 17, 18.

16. കുട്ടികൃഷ്ണമാരാര്, മലയാളസാഹിത്യത്തിലെ നവോത്ഥാനം, പലരും പലതും, മാരാർ സാഹിത്യപ്രകാശം, പുറം, 46, 47.

17. എം.കെ. സാനു, വിമർശനത്തിലെ രാജശില്പി, മാരാർ സാഹിത്യ പ്രകാശം, കോഴിക്കോട്, 2005, പുറം 93.